(ബി) ഇതിൽ വയനാട് ജില്ലയിൽ പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി എന്നീ മേഖലകളിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുവദിച്ച തുക(ലക്ഷത്തിൽ)

വർഷം	തുക
2006-07	124665 .00
2007-08	153664 .57
2008-09	166716 .21
2009-10	238807 .49
2010-11	200628 .41

ചെലവഴിച്ച തുക(ലക്ഷത്തിൽ)

വർഷം	തുക
2006-07	121475. 17
2007-08	137825. 15
2008-09	147662. 91
2009-10	178899. 21
2010-11	

(ബി) വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.* വയനാട് ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

സംസ്ഥാനത്തെ നഗരമേഖലകളിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

98 (6016) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരമേഖലകളിൽ നടപ്പാക്കുന്ന കേന്ദ്ര സ്വയം തൊഴിൽ പരിപാടി, ചേരിവികസന പരിപാടി, നഗരദരിദ്രർക്കുള്ള അടിസ്ഥാന സൗകര്യ പരിപാടി എന്നിവയുടെ നടത്തിപ്പിന് കുടുംബശ്രീയെ നോഡൽ ഏജൻസിയായി നിയമിക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇത്തരം നടപടി ക്രമം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള അംഗീകാരം തേടിയിട്ടുണ്ടോ ;

(സി) ഈ പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് സംസ്ഥാനത്തെ വിവിധ നഗരപ്രദേശങ്ങളിൽ ചെലവഴിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി നടത്തിപ്പിനായി ഈ വർഷം ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്നും ഇതിനായി എന്തു തുക ചെലവിട്ടു എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗര പ്രദേളങ്ങളിലെ ചേരികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളായ സംയോജിത ഭവന നിർമ്മാണ ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി.) ബേസിക് സർവ്വീസ് ടു ദി അർബൻ പുവർ (ബി. എസ്. യു. പി) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന തല നോഡൽ ഏജൻസിയായും തൊഴിൽ സംരംഭ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ)പദ്ധതിയുടെ സംസ്ഥാനതല നഗര വികസന ഏജൻസി(എസ്.യു.ഡി.എ)-യായും കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾക്കനുസരിച്ചണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കി വരുന്നത്.

(സി) 2010-11 സാമ്പത്തിക വർഷം IHSDP, BSUP, SJSRYപദ്ധതികൾ പ്രകാരം ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	തുക (കോടിയിൽ)
IHSDP	61.37
BSUP	24.23
SJSRY	9.86

(ഡി) IHSDP പദ്ധതി പ്രകാരം 123.17 ലക്ഷം രൂപ നഗരസഭാവിഹിതമായും 97.97 ലക്ഷം രൂപ ഗുണഭോക്ത്യ വിഹിതമായും നഗരസഭകളിൽ നിന്ന് കുടുംബശ്രീയിൽ ലഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടെ ആകെ 643.73 ലക്ഷം രൂപ നഗരസഭകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

BSUP-യിൽ 238.84 ലക്ഷം രൂപ നഗരസഭാവിഹിതമായും 11.08 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമായും നഗര സഭകളിൽ നിന്ന് കുടുംബശ്രീയിൽ ലഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടെ ആകെ 1401.72 ലക്ഷം രൂപ നഗരസഭകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

IHSDP-യിൽ പുതുതായി അംഗീകാരം ലഭിച്ച പതിനാറ് നഗര സഭകളിലെ ചെയർ പേഴ്സൺമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, മെമ്പർ, സെക്രട്ടറിമാർ എന്നിവർക്ക് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഒരു ശിൽപ്പശാല 2010 ജൂൺ മാസം നടത്തുകയുണ്ടായി.

SJSRY 2009-ലെ പരിഷ്കരിച്ച കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള സംസ്ഥാനതല മാർഗ്ഗ നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. 5 കോർപ്പറേഷനുകളിൽ ലഭ്യമായ വിവിധ തൊഴിൽ സംരംഭ അവസരങ്ങളെ കുറിച്ചുള്ള സാധ്യതാപഠനം നടപ്പാക്കിവരുന്നു. കാഞ്ഞങ്ങാട് നഗരസഭയിൽ സ്പെഷ്യൽ ലൈവിലി ഹുഡ് പദ്ധതി രൂപീകരണം പൂർത്തിയായി.സി.ഡി.എസ്. ആക്ഷൻ പ്ലാൻ 2010-11-ലേക്ക് എല്ലാ നഗരസഭാ സി.ഡി.എസ്.കളിലും പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ വിവിധ ഘടകങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്റ്റെപ്പ് അപ്പ് ഘടകത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിലും മറ്റു തലങ്ങളിലും പരിശീലന സാധ്യതകൾ കണ്ടെത്തുന്നതിനും അനുയോജ്യരായ പരിശീലന ഏജൻസികളെ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

IHSDP, BSUP, SJSRY പദ്ധതികൾ പ്രകാരം 2006-07 മുതൽ 2009-10 വരെയുള്ള സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ബ്ലോക്കുപഞ്ചായത്തുകളുടെ പ്രവർത്തനത്തിന് കൂടുതൽ പദ്ധതി വിഹിതം

99 (6017) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം വിപുലമാക്കുന്നതിന് കൂടുതൽ പദ്ധതി വിഹിതം നൽകുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതം കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly